ഉത്തരം

സർക്കാർ സർവ്വീസിൽ താത്ക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് KS&SSR Part II Rule 9(a)(i)-ൽ വ്യവസ്ഥയുണ്ട്. പ്രസ്തുത റൂൾ പ്രകാരമുള്ള താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിലവിൽ നടത്തി വരുന്നു.

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 റാങ്ക് പട്ടിക

23 (44) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ 14 ജില്ലകളിലും അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണെന്നറിയിക്കുമോ ;

(ബി) മേൽപറഞ്ഞ തസ്തികയുടെ എഴുത്തുപരീക്ഷ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയത് എന്നാണ് ;

(സി) പ്രസ്തുത തസ്തികയുടെ ചുരുക്കപ്പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചത് എന്നാണ് ;

(ഡി) പ്രസ്തുത തസ്തികയുടെ റാങ്ക് പട്ടിക ഓരോ ജില്ലയിലും പി.എസ്.സി. എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) അതിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ ഉത്തരവ് നൽകുമോ ;

(എഫ്) റഗുലർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അഭാവംമൂലം മൃഗസംരക്ഷണ വകുപ്പിൽ അനുഭവപ്പെടുന്ന പ്രവർത്തന മാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-3-2008-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം 14 ജില്ലകളിലേക്കും അപേക്ഷ ക്ഷണിച്ചിരിക്കുന്നു.

(ബി) 26-6-2009-ൽ

(സി)

ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച തീയതി ചുവടെ ചേർക്കുന്നു.

ജില്ല	പ്രസിദ്ധീകരിച്ച തീയതി
തിരുവനന്തപുരം	1-11-2010
കൊല്ലം	5-10-2010
പത്തനംതിട്ട	29-9-2010
ആലപ്പുഴ	15-10-2010

LIBRARY ARCHIVES Kerala Legislative Assembly

1	2
കോട്ടയം	15-10-2010
ഇടുക്കി	13-10-2010
എറണാകുളം	21-10-2010
തൃശ്ശൂർ	12-10-2010
മലപ്പുറം	29-10-2010
പാലക്കാട്	11-10-2010
കോഴിക്കോട്	13-10-2010
വയനാട്	7-10-2010
കണ്ണൂർ	7-10-2010
കാസർഗോഡ്	13-10-2010

(ഡി) കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റ് 1-12-2010-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലെ റാങ്ക് ലിസ്റ്റുകൾ താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്.

(ഇ) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾക്ക് ടി റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ വൈകുന്ന ഘട്ടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി വരുന്നുണ്ട്.

പെൻഷൻ ഏകീകരണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ഒഴിവുകൾ

24 (52) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ ഏകീകരണത്തിന്റെ ഭാഗമായി 2011 ഏപ്രിൽ 1-ാം തീയതി ഒരുമിച്ചുണ്ടാകുന്ന ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു ; പൂർണ്ണ വിവരം വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിലെ കൂട്ടവിരമിക്കലിനെ തുടർന്നുണ്ടാകുന്ന ഒഴിവുകൾക്ക് അനുസൃതമായി പ്രൊമോഷൻ, പുതിയ നിയമനങ്ങൾ എന്നിവ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിരമിക്കൽ തീയതി ഏകീകരിച്ചില്ലായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന പ്രവേശന ഒഴിവുകൾക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് എല്ലാ നിയമനാധികാരികൾക്കും 12-10-2010-ലെ

LIBRARY ARCHIVES Kerala Legislative Assembly